

: വി.എസ്.

# പ്ലാച്ചിമടയിലെ വിഷമാലിന്യ പ്രശ്നം ബി.ബി.സി.യുടെ ശാസ്ത്രീയ വെളിപ്പെടുത്തൽ 5–ാം വർഷത്തിലേക്ക് കടക്കുമ്പോൾ

പ്ലാച്ചിമട കൊക്കക്കോള കമ്പനി മൂലമുണ്ടായ കുടിവെള്ളമലിനീകരണത്തിനും കൃഷിവെള്ളശോഷണത്തിനും പരിസ്ഥിതി നാശത്തിനുമെതിരായി ആരംഭിച്ച പ്ലാച്ചിമട സമരം ആറാം വർഷത്തിലാണ്. പ്ലാച്ചിമട സമരത്തിന്റെ ആരംഭത്തിൽത്തന്നെ പ്ലാച്ചിമട കൊക്കക്കോള കമ്പനി പ്രദേശത്തെ കർഷകർക്ക് വളമെന്ന് പറഞ്ഞ് നൽകിയ കമ്പനി മാലിന്യം കൈകാര്യം ചെയ്യുന്നവർക്ക് ചൊറിച്ചിലും ദേഹാസ്വാസ്ഥ്യങ്ങളും അനുഭവപ്പെടുന്നുണ്ടെന്ന് പറഞ്ഞിരുന്നു. പക്ഷെ സമരം തുടങ്ങി ഒരുവർഷം കഴിഞ്ഞ് 2003 ജൂലൈ 25നാണ് ബിബിസി റേഡിയോ 4-ൽ പ്ലാച്ചിമട കൊക്കക്കോള കമ്പനിയിലെ ഖരമാലിന്യത്തിൽ കാഡ്മിയം, ലെഡ് തുടങ്ങിയ വിഷപദാർത്ഥങ്ങളുണ്ടെന്ന് വെളിപ്പെടുത്തിയത് ബി.ബി.സി. റിപ്പോർട്ടർ പ്ലാച്ചിമടയിൽനിന്ന് ശേഖരിച്ചുകൊണ്ടുപോയ ഖരമാലിന്യ സാമ്പിളും വിജയനഗർ പഞ്ചായത്ത് കിണറ്റിലെ കുടിവെള്ളത്തിന്റെ സാമ്പിളും എക്സിറ്റർ യൂണിവേഴ്സിറ്റി ലാബിൽ പരിശോധന നടത്തിയപ്പോഴാണ് ഖരമാലിന്യത്തിലും കുടിവെള്ള സാമ്പിളിലും കാഡ്മിയം, ലെഡ് തുടങ്ങിയ വിഷപദാർത്ഥങ്ങൾ അനുവദനീയമായ പരിധിയിലധികമാണെന്ന് കണ്ടെത്തിയത്. കാഡ്മിയം എന്ന ഘനലോഹം വൃക്കകളിൽ ശേഖരിക്കപ്പെട്ട് വൃക്കസ്തംഭനവും കാൻസറും ഉണ്ടാക്കാൻ കെല്പുള്ളതാണ്. ലെഡ് കുട്ടികളിൽ ബുദ്ധിമാന്ദ്യവും വിളർച്ചയും ഉണ്ടാക്കുന്ന ഘനലോഹമാണ്.

ബി.ബി.സി. റേഡിയോ 4 വാർത്ത വന്ന് ഉടനെ കേരള മലിനീകരണ നിയന്ത്രണ ബോർഡും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡും കോള കമ്പനിയിലെ ഖരമാലിന്യം കുടെ പരിശോധിക്കുകയും ബി.ബി.സി.യുടെ കണ്ടെത്തൽ ശരി വെയ്ക്കുകയും ചെയ്തു. കേരള മലിനീകരണ നിയന്ത്രണ ബോർഡ് വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണറിലും കമ്പനി മാലിന്യം വളമായി നിക്ഷേപിച്ച മാണിക്യചെട്ടിയാറുടെ കൃഷിയിടത്തിലെ കിണറിലും കാഡ്മിയം അളവ് അമിതമാണെന്ന് കണ്ടെത്തി. ഇതേത്തുടർന്ന് 2005 ആഗസ്റ്റ് 19-ന് കേരള മലിനീകരണ നിയന്ത്രണ ബോർഡ് പ്ലാച്ചിമട കൊക്കക്കോള കമ്പനി അടച്ചുപൂട്ടി.

പക്ഷേ ഇന്ത്യയിൽ നിലവിലുള്ള പരിസ്ഥിതി നിയമങ്ങൾ പ്രകാരം കുടിവെള്ളത്തിലും കാഡ്മിയം ഫാക്ടറി മാലിന്യങ്ങളിലും ലെഡ് തുടങ്ങിയ ഘനലോഹങ്ങളുടെ അനുവദനീയമായ പരിധിയിലധികമുള്ള സാന്നിദ്ധ്യത്തിന് ഇടവരുത്തുന്നത് ശിക്ഷാർഹമാണ്. പ്ലാച്ചിമട കൊക്കക്കോള കമ്പനി ഇത്തരം പദാർത്ഥങ്ങൾ അവരുടെ മാലിന്യത്തിൽ ഉണ്ടെന്ന വിവരം മറച്ചുവെച്ചു എന്നതുകൊണ്ടും അത് ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യാതെ സമീപത്തെ കിണറുകൾ മലിനമാക്കാൻ ഇടവരുത്തി എന്നതുകൊണ്ടും നിലവിലുള്ള നിയമപ്രകാരം തന്നെ കേരള മലിനീകരണ നിയന്ത്രണബോർഡിന് കൊക്കക്കോള കമ്പനിക്ക് എതിരെ ശിക്ഷാനടപടികൾ എടുക്കാനും നിയമവിചാരണ ചെയ്യുവാനും അധികാരമുണ്ട്.

സംസ്ഥാനത്തിന്റെ വികസനത്തിന്റെ പേരിൽ കേരള സംസ്ഥാന ഗവൺമെന്റ് ക്ഷണിച്ചുകൊണ്ടുവന്നതാണെങ്കിലും 1500 പേർ തിങ്ങിപാർക്കുന്ന രണ്ട് കോളനികൾക്കിടയിൽ മലിനീകരണ സാദ്ധ്യതയുള്ള ഫാക്ടറി സ്ഥാപിക്കാനുള്ള അവകാശം നൽകിയിട്ടില്ലായിരുന്നല്ലോ. അതുകൊണ്ട് കേരളത്തിലെ ഏറ്റവും ദരിദ്രരായ ഒരു വിഭാഗം ജനങ്ങൾക്ക് അന്തസ്സോടെ ജീവിക്കാനുള്ള അവകാശം നിഷേധിച്ച കൊക്കക്കോളയെ പ്ലാച്ചിമടയിൽനിന്ന് പുറത്താക്കുകയും കമ്പനിയുണ്ടാക്കിയ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരമീടാക്കുകയും കമ്പനിയുടെ നിയമലംഘനങ്ങൾക്ക് വിചാരണ ചെയ്യുകയും ചെയ്യേണ്ടതാവശ്യമാണ്.

പ്ലാച്ചിമടയിൽ കൊക്കക്കോള ചെയ്ത മാരകമായ ഒരു നിയമലംഘനത്തിനെതിരെ ശാസ്ത്രീയമായി വെളിപ്പെടുത്തി 5 വർഷമായിട്ടും കൊക്കക്കോളയെ നിയമവിചാരണ ചെയ്യാനാരംഭിച്ചിട്ടില്ലായെന്നത് കേരളത്തിലെ ജനങ്ങൾക്കും ജനപക്ഷഗവൺമെന്റിനും നാണക്കേടാണ്. ജനങ്ങൾക്ക് ആരോഗ്യത്തോടെയും അന്തസ്സോടെയും ജീവിക്കുന്നതിന് കോർപ്പറേറ്റ് മൂലധനശക്തികൾക്കെതിരായ പ്രതിരോധം ശക്തിപ്പെടുത്തുന്നതിന്റെ ആവശ്യകത ഊന്നിപ്പറയുവാൻ ജൂലൈ 25 നമ്മെ ഓർമ്മപ്പെടുത്തട്ടെ.